"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- 16/04/2015 ലെ സ.ഉ(എം.എസ്) 142/2015/റവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്യും അപ്രകാരം കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 37808/2024-ന്മേലുള്ള വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

**G.O.(Ms)No.88/2026/RD** തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:- 1. 01/12/1973 ലെ സ.ഉ (കൈ) നം. 1009/73/റവ.

2. 16/04/2015 ലെ സ.ഉ (കൈ) 142/2015/റവ.

3. 03/01/2024 ന് കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ്, ജനറൽ സെക്രട്ടറി സമർപ്പിച്ച KFCC/247/2023-2024 നമ്പർ അപേക്ഷ. (Ext.P5)

4. കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 37808/2024 നമ്പർ കേസിന്മേലുള്ള 26.05.2025 ലെ വിധിന്യായം.

5. എറണാകുളം ജില്ലാ കളക്ടറുടെ 10/09/2025 ലെ DCEKM/10249/2021-L9 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, സർവ്വെ നമ്പർ 1709/1, 256/1 എന്നിവയിൽപ്പെട്ട 1.72 ആർ സ്ഥലം കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സിന് 20 വർഷത്തേയ്ക്ക് പരാമർശം (1) പ്രകാരം പാട്ടത്തിന് നൽകിയിരുന്നു.

2) 1993 -ൽ പാട്ടകാലാവധി കഴിഞ്ഞതിനെ തുടർന്ന് 16/04/2015 മുതൽ 30

വർഷത്തേക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ എന്ന നിരക്കിൽ മൂന്നു വർഷത്തിലൊരിക്കൽ പാട്ടം പുതുക്കണം എന്ന വ്യവസ്ഥയിൽ പരാമർശം (2) പ്രകാരം പാട്ടം പുതുക്കി അനുവദിയ്ക്കുകയുണ്ടായി. എന്നാൽ സ്ഥാപനം 2018 - 19 മുതൽ 2021 - 22 വരെ 21,61,540/- രൂപയും നികുതി 4,95,409/- രൂപയും ഉൾപ്പെടെ 26,56,949/- രൂപ പാട്ട കുടിശ്ശിക വരുത്തുകയുണ്ടായി. 16/04/2018 മുതൽ പാട്ടത്തുക പുതുക്കേണ്ടിയിരുന്നതിനാൽ ഈ കാലയളവ് മുതൽ 2021 - 22 കാലയളവ് വരെയുള്ള പാട്ടക്കുടിശ്ശിക കണക്കാക്കി കണയന്നൂർ തഹസിൽദാർ സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുള്ളതും, തുക ഒടുക്കു വരുത്താത്തതിൽ സ്ഥാപനം ഉന്നയിക്കുന്ന ആക്ഷേപങ്ങളും ആവശ്യങ്ങളും അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയുണ്ടായി. ആയതിനെതിരെ കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 37808/2024 നമ്പർ കേസ് പരാമർശം (4) പ്രകാരം വിധിയായിരുന്നു. വിധിന്യായം പ്രകാരം 2 മാസത്തിനകം കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ്, ജനറൽ സെക്രട്ടറി സമർപ്പിച്ച പരാമർശം (3) അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന് 1st respondent ആയ റവന്യൂ സെക്രട്ടറിയോടും Ext.P2 (ഡിമാൻഡ് നോട്ടീസ്) പ്രകാരമുള്ള തുകയുടെ 1 /3 തുക ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം അടയ്ക്കുന്നതിനു കക്ഷിയോടും നിർദ്ദേശിച്ചിരുന്നു. ടി തുക ടി സ്ഥാപനം 11/06/2025 ൽ ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള ഫിലിം ചേംബറിന് പ്രതിവർഷം ഒരു ലക്ഷം രൂപ നിരക്കിൽ 30 വർഷത്തേക്കാണ് ഭൂമി പാട്ടത്തിന് നൽകിയത്. മൂന്നുവർഷം കൂടുമ്പോൾ പാട്ടം പുതുക്കണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും പാട്ടത്തുക എപ്രകാരം നിശ്ചയിക്കണമെന്ന് പരാമർശിച്ചിരുന്നില്ല.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1995 -ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് ഫിലിം ചേമ്പർ

ഓഫ് കൊമേഴ്സിന് പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടത്തുക, ഓരോ മൂന്നു കൊല്ലത്തിൽ പുതുക്കുമ്പോൾ വിപണി വിലയെ അടിസ്ഥാനപ്പെടുത്തിയല്ലാതെ ആദ്യ പാട്ടത്തിന് ആനുപാതികമായി ഒരു വർഷം 5% എന്ന നിരക്കിൽ ഓരോ മൂന്ന് കൊല്ലം കൂടുമ്പോഴും 15% എന്ന പരമാവധി നിരക്കിൽ പാട്ടത്തുക നിശ്ചയിച്ച്, പരാമർശം (2) ഉത്തരവ് ഭേദഗതി വരുത്തിയും അപ്രകാരം പരാമർശം (4) -ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

5) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M G RAJAMANICKAM**

**SECRETARY**

1. അഡ്വക്കറ്റ് ജനറൽ, എറണാകുളം ( ആമുഖ കത്ത് സഹിതം)
2. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, എറണാകുളം
4. പ്രസിഡണ്ട്, കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ്, പി.ബി നമ്പർ 3577, എം.ജി റോഡ്, കൊച്ചി -682035.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
7. ധനകാര്യ വകുപ്പ് (EXP-D3/187/2025-FIN)
8. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 3702, തീയതി : 18.02.2026)

7. കരുതൽ ഫയൽ (എ3/32/2018/റവ)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 21-02-2026 11:06:28

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-02-2026**

ഫയൽ നം. എ3/181/2023/റവന്യൂ. ഇനം നം: 3702

വിഷയം : റവന്യൂ വകുപ്പ് - 16.04.2015-ലെ സ.ഉ.(കൈ).142/2015 ഉത്തരവ് ഭേദഗതി ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3702

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എ 3/ 181/ 2023/ റവ. |
| 2 | വകുപ്പ് | : റവന്യൂ (എ) വകുപ്പ് |
| 3 | വിഷയം | : 16/ 04/ 2015 -ലെ സ.ഉ(കൈ) 142/ 2015 ഉത്തരവ് ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 09/ 02/ 2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 17/ 02/ 2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 17/ 02/ 2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 17/ 02/ 2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 17/ 02/ 2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിലെ, സർവ്വെ നമ്പർ 1709/1, 256/1 എന്നിവയിൽപ്പെട്ട 1.72 ആർ സ്ഥലം കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സിന് 20 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി പുറപ്പെടുവിച്ച 16/04/2015 -ലെ സ.ഉ(എം.എസ്) 142/2015 ഉത്തരവ് ഭേദഗതി ചെയ്യുന്നതാണ് ഈ കുറിപ്പിലെ വിഷയം .

2) 01/12/1973 ലെ സ . ഉ (എം . എസ് ) നം. 1009/73 പ്രകാരം എറണാകുളം ജില്ലയിലെ സർവ്വെ നമ്പർ 1709/1 , 256/1 എന്നിവയിൽപ്പെട്ട 1 .72 ആർ സ്ഥലം കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സിന് 20 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. 1993 -ൽ പാട്ടകാലാവധി കഴിഞ്ഞു. തുടർന്ന് 16/04/2015 -ലെ സ.ഉ(എം.എസ്) 142/2015 ഉത്തരവ് പ്രകാരം 30 വർഷത്തേക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ എന്ന നിരക്കിൽ മൂന്നു വർഷത്തിലൊരിക്കൽ പാട്ടം പുതുക്കണം എന്ന വ്യവസ്ഥയിൽ പാട്ടം പുതുക്കി അനുവദിയ്ക്കുകയുണ്ടായി . എന്നാൽ 2018 -19 മുതൽ 2021 - 22 വരെ 21,61,540/- രൂപയും നികുതി 4,95,409/- രൂപ ഉൾപ്പെടെ 26,56,949/- രൂപ പാട്ട കുടിശ്ശിക വരുത്തുകയുണ്ടായി . 16/04/2018 മുതൽ പാട്ടത്തുക പുതുക്കേണ്ടിയിരുന്നതിനാൽ ഈ കാലയളവ് മുതൽ 2021 - 22 കാലയളവ് വരെയുള്ള പാട്ടക്കുടിശ്ശിക കണക്കാക്കി കണയന്നൂർ തഹസിൽദാർ സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുള്ളതും, തുക ഒടുക്കു വരുത്താത്തതിൽ സ്ഥാപനം ഉന്നയിക്കുന്ന ആക്ഷേപങ്ങളും ആവശ്യങ്ങളും അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയുണ്ടായി . ആയതിനെതിരെ കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ് WP(C) 37808/2024 ഫയൽ ചെയ്യുകയും ആയതിൽ 26.05.2025 ൽ വിധിയായിട്ടുള്ളതുമാണ്. വിധിന്യായം പ്രകാരം 2 മാസത്തിനകം Ext.P5 (അപേക്ഷ) യിൽ തുടർനടപടി സ്വീകരിക്കുന്നതിന് 1 st respondent ആയ റവന്യൂ സെക്രട്ടറിയോട് നിർദേശിച്ചിരുന്നു. കക്ഷിയോട് Ext.P2 (ഡിമാൻഡ് നോട്ടീസ്) പ്രകാരമുള്ള തുകയുടെ 1/3 തുക ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം അടയ്ക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ടി തുക ടി സ്ഥാപനം 11/06/2025 ൽ ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) 1995 ലെ ഭൂപതിവ് ചട്ട പ്രകാരം സർക്കാരിനുള്ള സവിശേഷ അധികാരം വിനിയോഗിച്ച് മന്ത്രിസഭായോഗ തീരുമാനപ്രകാരം പുറപ്പെടുവിച്ച 16/04/2015 -ലെ സ.ഉ(എം.എസ്) 142/2015 നമ്പർ ഉത്തരവ് പ്രകാരം കേരള ഫിലിം ചേംബറിന് പ്രതിവർഷം ഒരു ലക്ഷം രൂപ നിരക്കിൽ 30 വർഷത്തേക്കാണ് ഭൂമി പാട്ടത്തിന് നൽകിയത്. മൂന്നുവർഷം കൂടുമ്പോൾ പാട്ടം പുതുക്കണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും പാട്ടത്തുക എപ്രകാരം നിശ്ചയിക്കണമെന്ന് പരാമർശിച്ചിരുന്നില്ല.

4) തുടർന്ന്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് ഫിലിം ചേമ്പർ ഓഫ് കൊമേഴ്സിന് നൽകിയ ഭൂമിയുടെ പാട്ടത്തുക പുതുക്കുമ്പോൾ ഒരു വർഷം ശരാശരി 5% എന്ന നിരക്കിൽ വർദ്ധനവ് വരുത്തി പാട്ടത്തുക നിശ്ചയിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് 16/04/2015 ലെ സ.ഉ(എം.എസ്) 142/2015 ഉത്തരവ് ഭേദഗതി വരുത്തുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് ഫിലിം ചേമ്പർ ഓഫ് കൊമേഴ്സിന് നൽകിയ ഭൂമിയുടെ പാട്ടത്തുക, ഓരോ മൂന്നു കൊല്ലം കൂടുമ്പോൾ പാട്ടത്തുക പുതുക്കുമ്പോൾ വിപണി വിലയെ അടിസ്ഥാനപ്പെടുത്തിയല്ലാതെ, ആദ്യ പാട്ടത്തിന് ആനുപാതികമായി അതായത് ഒരു വർഷം 5% എന്ന നിരക്ക് കണക്കാക്കിയാൽ ഓരോ മൂന്ന് കൊല്ലം കൂടുമ്പോഴും 15% എന്ന പരമാവധി നിരക്കിൽ പാട്ടത്തുക നിശ്ചയിച്ച് 16/04/2015-ലെ സ.ഉ(എം.എസ്) 142/2015 ഉത്തരവ് ഭേദഗതി വരുത്തുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു "

5) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ, ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖേന , ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1995 -ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് ഫിലിം ചേമ്പർ ഓഫ് കൊമേഴ്സിന് പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടത്തുക, ഓരോ മൂന്നു കൊല്ലത്തിൽ പുതുക്കുമ്പോൾ വിപണി വിലയെ അടിസ്ഥാനപ്പെടുത്തിയല്ലാതെ ആദ്യ പാട്ടത്തിന് ആനുപാതികമായി ഒരു വർഷം 5% എന്ന നിരക്കിൽ ഓരോ മൂന്ന് കൊല്ലം കൂടുമ്പോഴും 15% എന്ന പരമാവധി നിരക്കിൽ പാട്ടത്തുക നിശ്ചയിച്ച്, 16/04/2015 ലെ സ.ഉ(എം.എസ്) 142/2015/റവ ഉത്തരവ് ഭേദഗതി വരുത്താമോ ?

## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ എറണാകുളം വില്ലേജിലെ സർവ്വെ നം.1709/1, 256/1-ൽപ്പെട്ട 1.72 ആർ (4.259 സെന്റ്) ഭൂമി കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സിന്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് പാട്ടം പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ)നം.142/2015/റവ. തിരുവനന്തപുരം, തീയതി, 16.04.2015.

---

പരാമർശം : 1) ജി.ഒ(എം.എസ്)നം.1009/73/റവ തീയതി 01.12.1973

2) ജി.ഒ(എം.എസ്)നം.427/2010/റവ തീയതി 28.10.2010

3) എറണാകുളം ജില്ലാ കളക്ടറുടെ 06.05.2013-ലെ എൽ9-1899/2000 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം 1-ലെ ഉത്തരവ് പ്രകാരം എറണാകുളം വില്ലേജിൽപ്പെട്ട 4.259 സെന്റ് ഭൂമി കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സിന് 20.... വർഷത്തേക്ക് പാട്ടത്തിന്, അന്യാധീനപ്പെടുത്തുവാനോ, ഉപപാട്ടത്തിന് നൽകുവാനോ പാടില്ലായെന്നും, നൽകിയ ആവശ്യത്തിന് മാത്രമേ ഭൂമി ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന നിബന്ധനകൾക്ക് വിധേയമായി നൽകിയിരുന്നു. ആയത് 1993-ൽ കാലഹരണപ്പെടുകയും, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങൾ നിലവിൽ വരുകയും ചെയ്തു. പുതിയ ചട്ടങ്ങൾ പ്രകാരം പാട്ടത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിൽ പാട്ടക്കാരൻ വീഴ്ച വരുത്തുകയുമുണ്ടായി. എന്നിരുന്നാലും 1995-2004 കാലഘട്ടത്തിലേക്ക് എറണാകുളം ജില്ലാ കളക്ടർ പാട്ടകുടിശ്ശിക കണക്കാക്കി. പാട്ടം പുതുക്കി ഉത്തരവാകാത്ത സാഹചര്യത്തിൽ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരമുള്ള പാട്ടം കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് 2008-2009 കാലഘട്ടം വരെ ഒടുക്കിയിരുന്നു.

2. കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് പ്രസ്തുത ഭൂമി ന്യൂ വനിത ജ്വല്ലറി എന്ന സ്ഥാപനത്തിന് ഉപപാട്ടത്തിന് നൽകിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ച് 14.11 ലക്ഷം രൂപ പാട്ടകുടിശ്ശികയായി നിജപ്പെടുത്തി പ്രസ്തുത ഭൂമി തിരികെ എടുക്കുവാൻ പരാമർശം 2 പ്രകാരം ഉത്തരവ് നൽകി. അതിനെതിരെ കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് ബഹു.ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും, ബഹു.ഹൈക്കോടതി ആയത് തള്ളിക്കളയുകയുണ്ടായി.

3. കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് -നെ പ്രസ്തുത സ്ഥലത്ത് നിന്നും ഒഴിപ്പിക്കുന്നതിനെതിരായി, ടി സ്ഥാപനം WA No.1840/12 ആയി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ഇതിനിടെ ഭൂമി തങ്ങളുടെ പേരിൽ പതിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് സർക്കാരിൽ അപേക്ഷ നൽകുകയും, WA No.1840/12-ാം നമ്പർ അപ്പീൽ പിൻവലിക്കുകയും ചെയ്തു. ഉപപാട്ടക്കാരായ ന്യൂ വനിതാ ജ്വല്ലറി സ്വമേധയാ ഒഴിഞ്ഞുമാറി എന്നും പ്രസ്തുത ഭൂമി കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് കൈവശത്തിലാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. അപേക്ഷാ വസ്തു എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്താണ് എന്നും സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. നാളിതുവരെയുള്ള പാട്ടകുടിശ്ശികയുടെ 50% ഈടാക്കിയതിനുശേഷം മാത്രം; എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ എറണാകുളം വില്ലേജിലെ സർവ്വെ നം.1709/1, 256/1-ൽപ്പെട്ട 1.72 ആർ (4.259 സെന്റ്) ഭൂമി കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സിന്, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21(ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, ഓരോ 3 വർഷത്തിൽ ഒരിക്കൽ പാട്ടം പുതുക്കണമെന്ന വ്യവസ്ഥയിലും പാട്ട നിരക്ക് ഒരുവർഷം 1 ലക്ഷം രൂപ എന്ന നിരക്കിൽ വാർഷിക പാട്ടം നിശ്ചയിച്ചും താഴെപ്പറയുന്ന മറ്റ് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും 30 വർഷത്തേക്ക് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.
2) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.
3) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന് തറവാടകക്ക് നൽകുവാൻ പാടില്ല.
4) സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പാട്ടം അടയ്ക്കേണ്ടതാണ്.
5) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്.
6) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.
7) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5. എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃതമായ അനന്തര മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.വിശ്വാസ് മേത്ത
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ്, എം.ജി.റോഡ്, കൊച്ചി.
ധനകാര്യ വകുപ്പ് [No.92172[E.33219]/Exp.A2/14/Fin dated, 27.02.2015]
പൊതുഭരണ (എസ്.സി) വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
C.K.V.Kumar
സെക്ഷൻ ഓഫീസർ

K. F. C. C. COCHIN-35.
Ref. No. KFCC/50/15
Received on 27-4-2015
Signature
FC
27/4/15